**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2183** **05-02-2026-ൽ മറുപടിയ്ക്ക്**

**പാലാ ജനറൽ ആശുപത്രിയുടെ വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പാലാ ജനറൽ ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് ലിഫ്റ്റ്, സോളാർ പാനൽ എന്നിവ സ്ഥാപിക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**മറുപടി:** നവകേരള സദസ്സിലെ പദ്ധതികളിൽ ഉൾപ്പെടുത്തി പാലാ ജനറൽ ആശുപത്രിയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനും ലിഫ്റ്റ് സംവിധാനം ഒരുക്കുന്നതിനുമായി 3.41 കോടി രൂപയുടെ അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലിഫ്റ്റ് സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് 77,04,700/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. പാലാ ജനറൽ ആശുപത്രിയിലേയ്ക്ക് സോളാർ പാനൽ സ്ഥാപിക്കുന്നതിനായി കെൽട്രോൺ 1,69,24,930/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എന്നാൽ സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് കെൽട്രോൺ എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ സ്റ്റാറ്റസ് ഇല്ലാത്തതിനാൽ, പാലാ ജനറൽ ആശുപത്രിയിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച്, ഒരു അംഗീകൃത ഏജൻസിയെ (Accredited Agency) ഏൽപ്പിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ബി)** പ്രസ്തുത ആശുപത്രിയുടെ വികസനത്തിനുവേണ്ടി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**മറുപടി:** പാലാ ജനറൽ ആശുപത്രിയിൽ എം.പി. ഫണ്ടിൽ നിന്ന് 2.45 കോടി രൂപ വിനിയോഗിച്ച് റേഡിയോ തെറാപ്പി ബ്ലോക്കിന്റെ നിർമ്മാണം നിലവിൽ പുരോഗമിക്കുന്നുണ്ട്. പ്രസ്തുത ബ്ലോക്ക് പ്രവർത്തന സജ്ജമാക്കുന്നതിനായി ഉപകരണങ്ങൾ വാങ്ങുന്നതിന് ആവശ്യമായ ഏകദേശം 20 കോടി രൂപയുടെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ നിലവിൽ പുരോഗമിച്ചുവരുന്ന റേഡിയോളജി ബ്ലോക്കിന്റെ തുടർനിർമാണ പ്രവർത്തനത്തിനായി ദേശീയ ആരോഗ്യ ദൗത്യത്തിന്റെ 2024 - 2025 പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ ദേശീയ ആരോഗ്യ ദൗത്യം സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**